ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പൊക്കം കുറഞ്ഞ പാലത്തിനടിയിൽ കൂടി കടന്നുപോകത്തക്കവിധം ചുക്കായക്കൂട് താഴ്ത്തി എ-10 -ാം നമ്പർ ബോട്ട് പണിതീർത്ത് ചങ്ങനാശ്ശേരി സ്റ്റേഷന് നൽകിയിട്ടുണ്ട്. മറ്റൊരു ബോട്ടിന്റെ കൂടി ചുക്കായക്കൂട് താഴ്ത്തി പണി പൂർത്തിയാക്കി അധികം താമസിയാതെ സർവ്വീസിന് നൽകുന്നതാണ്.

റയിൽവേ റസിഡന്റ് കമ്മീഷണറെ നിയമിക്കണമെന്ന ആവശ്യം

79 (3611) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റയിൽവേ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് മന്ത്രാലയവും സംസ്ഥാന സർക്കാരുമായുള്ള ഏകോപനത്തിന് റയിൽവേ റസിഡന്റ് കമ്മീഷണറെ തിരുവനന്തപുരത്ത് നിയമിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ,ബി&സി) 2000-2001 വർഷത്തേക്കുള്ള റയിൽവേ ബഡ്ജറ്റിൽ കേരളത്തോട് കാണിച്ച കടുത്ത അവഗണനയ്ക്കെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് റയിൽവേ മന്ത്രി റസിഡന്റ് കമ്മീഷണറുടെ നിയമനം സംബന്ധിച്ച് പ്രഖ്യാപനം നടത്തിയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം

80 (3612) ശ്രീ. എളമരം കരീം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംഘടനകളുമായി ചർച്ച ചെയ്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വാഹന നികുതി അടയ്ക്കുന്നതിനും ആർ. ടി. ഓഫീസുകളിൽ കൂടുതൽ കൗണ്ടറുകൾ ആരംഭിക്കുമോ ;

(ഇ) സെക്രട്ടേറിയറ്റ്, വികാസ്ഭവൻ, സിവിൽസ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുമോ ;

(എഫ്) ആർ. ടി. ഓഫീസുകളിൽ ഏജന്റുമാരുടെ കടന്നുകയറ്റം പൂർണ്ണമായും നിരോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ. ടി. ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കൗണ്ടർ സംവിധാനം കാര്യക്ഷമമാക്കി. ഓഫീസിൽ നൽകുന്ന എല്ലാ അപേക്ഷകൾക്കും രസീത് നൽകുന്ന സമ്പ്രദായം നടപ്പിലാക്കി. ലൈസൻസ് ടെസ്റ്റിനു വിളിക്കുന്നതിനുള്ള അപേക്ഷയും എസ്. റ്റി. എ യിൽ നിന്നും ലഭിക്കേണ്ട സർവ്വീസുകൾക്കുള്ള അപേക്ഷകളും തപാലിൽ അയയ്ക്കണമെന്ന് നിഷ്കർഷിച്ചു. ഡ്രൈവിംഗ് ലൈസൻസിനുള്ള ലേണേഴ്സ് ടെസ്റ്റ് എഴുത്തു പരീക്ഷയാക്കി. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് രണ്ട് ഉദ്യോഗസ്ഥന്മാർ ചേർന്ന ഒരു ടീമായിരിക്കണമെന്ന് നിഷ്കർഷിച്ചു. ഈ ടെസ്റ്റിന് ഒരു മാർഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകുന്നു, അത് രണ്ട് ഉദ്യോഗസ്ഥന്മാർ ചേർന്ന ഒരു ടീമാകണമെന്നും ഇരുപത് വർഷംവരെ പഴക്കമുള്ള വാഹനങ്ങൾ ഒരു എം. വി. ഐ. യും ഒരു എ. എം. വി. ഐ. യും ചേർന്നു നടത്തണമെന്നും അതിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു ആർ. ടി. ഒ. യും ഒരു ജോയിന്റ് ആർ. ടി. ഒ. യും (ഇതിൽ ഒരാൾ സാങ്കേതിക പരിജ്ഞാനം ലഭിച്ച ആളായിരിക്കണം) ചേർന്ന് നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനു പുറമേ വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കുള്ള ഫീസ് അടയ്ക്കുന്നതിനും നേരിട്ടുകൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി അവ സ്വീകരിക്കുന്ന ഗുമസ്തനു തന്നെ ഒപ്പിട്ട് നൽകുവാനുള്ള അധികാരം നൽകി. ഏജന്റുമാരേയും ഇടനിലക്കാരേയും ഓഫീസ് പ്രവർത്തനങ്ങളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ സൗകര്യാർത്ഥം എൻകയറി കൗണ്ടറിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതാക്കി തീർക്കാൻ വിപുലമായ ഒരു കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ രൂപം കൊടുത്തിട്ടുള്ള പ്രധാന നിർദ്ദേശം ആർ. ടി. ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആരംഭിക്കുന്നതാണ്.

(ഇ) സെക്രട്ടേറിയറ്റിൽ ഇപ്പോൾ തന്നെ ടാക്സ് അടയ്ക്കുന്നതിനായി ഗ്രേസ്സ് പീരിയഡിൽ ഒരു ദിവസം പ്രത്യേക കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാരുടെ കുറവും മറ്റു സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം വികാസ് ഭവൻ, കളക്ടറേറ്റ് എന്നിവിടങ്ങളിൽ പ്രത്യേക കൗണ്ടറുകൾ തുടങ്ങാൻ തൽക്കാലം നിവൃത്തിയില്ല.

(എഫ്) ആർ. ടി. ഓഫീസുകളിൽ നിന്നും ഏജന്റുമാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്.

II ചരമോപചാരം

ബി. രാച്ചയ്യ, തച്ചടി പ്രഭാകരൻ, കെ. കെ. കുമാരപിള്ള, എം. പി. എം. ജാഫർഖാൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ

മുൻ കേരള ഗവർണർ ബി. രാച്ചയ്യ അടുത്തകാലത്ത് നിര്യാതനായി. 1922-ൽ മൈസൂർ ജില്ലയിലെ ആലൂർ ഗ്രാമത്തിലാണ് ബി.രാച്ചയ്യ ജനിച്ചത്.

9.30 A.M.] നിയമബിരുദം സമ്പാദിച്ചശേഷം അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. കർണാടക നിയമസഭയിൽ അംഗമായിരുന്ന രാച്ചയ്യ വിവിധകാലഘട്ടങ്ങളിലായി, ബി. ഡി. ജട്ടി, നിജലിംഗപ്പ, ദേവരാജ് അരശ്, രാമകൃഷ്ണ ഹെഗ്ഡെ, എസ്. ആർ. ബൊമ്മൈ എന്നിവരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകളിൽ അംഗമായിരുന്നു. 1974-77 കാലയളവിൽ രാജ്യസഭാംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ചരൺസിംഗിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര മന്ത്രി സഭയിലും അദ്ദേഹം അംഗമായിരുന്നു. 1990-ൽ ഹിമാചൽ പ്രദേശ് സംസ്ഥാന ഗവർണറായി നിയുക്തനായ രാച്ചയ്യയെ അതേവർഷംതന്നെ കേരള സംസ്ഥാന ഗവർണറായി നിയമിക്കുകയുണ്ടായി. 1995-ൽ തന്റെ ഔദ്യോഗിക കാലാവധി തീരും വരെ കേരള ഗവർണർ പദവിയിൽ തുടരുകയും ചെയ്തു. പ്രസ്തുത കാലയളവിൽ കുറച്ചുകാലം ഗോവാ സംസ്ഥാന ഗവർണറുടെ അധികച്ചുമതല കൂടി അദ്ദേഹം വഹിച്ചു. രാഷ്ട്രീയ, ഭരണരംഗങ്ങളിൽ വ്യത്യസ്ത പദവികൾ വഹിക്കുമ്പോഴും അധഃസ്ഥിത ജനവിഭാഗങ്ങളുടെ മോചനം മുന്നിൽ കണ്ടു കൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. കേരള ഗവർണർ എന്ന നിലയിൽ ബി.രാച്ചയ്യ സംസ്ഥാനത്തിന് നൽകിയ വിലപ്പെട്ട സേനവങ്ങൾ കൃതജ്ഞതാപുരസ്സരം ഈ സഭ സ്മരിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഈ സഭ പങ്കുചേരുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly